**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2848** **13-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ റൂം ഫോർ റിവർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിൽ പുന്നപ്പുഴയ്ക്ക് കുറുകെ ആറംപുളിക്കൽ കടവിൽ ജലവിഭവ വകുപ്പ് നിർമ്മിച്ച ചെക്ക് ഡാം കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് 2019-ലെ പ്രളയത്തിൽ തകർന്ന് പുഴ ഗതിമാറി ഒഴുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രളയത്തിൽ പുഴ കരകവിഞ്ഞ് ഗതിമാറി ഒഴുകിയത് കാരണം, പുന്നപ്പുഴയ്ക്ക് കുറുകെയുള്ള പ്രസ്തുത പാലത്തിന്റെ പ്രയോജനം പൊതുജനങ്ങൾക്കോ കർഷകർക്കോ ലഭിക്കുന്നില്ലായെന്നും ഇപ്പോൾ പുഴയുടെ ഇരുകരകളെയും ബന്ധിപ്പിക്കാതെ മുക്കാൽ ഭാഗത്ത് മാത്രമേ നിലവിലുള്ള ചെക്ക് ഡാം കം ബ്രിഡ്ജ് ഉള്ളൂ എന്നുമുള്ള വിവരം ശ്രദ്ധിക്കുമോ; വിശദമാക്കാമോ; | (ബി) | 2019 ലെ പ്രളയത്തിൽ തകർന്ന അപ്രോച്ച് റോഡ് മണ്ണിട്ട് നികത്തി സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്. വേനൽ കാലത്ത് ചെക്ക് ഡാമിൽ വെള്ളം സംഭരിക്കുന്നതിനാൽ കൃഷിക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. എന്നാൽ ശക്തമായ മഴയിൽ പുന്നപ്പുഴയിൽ ജലനിരപ്പ് ക്രമാതീതമായി ഉയരുന്ന അവസരങ്ങളിൽ ഈ അപ്രോച്ച് റോഡ് മുങ്ങിപോകുന്നതിനാൽ അത്തരം സന്ദർഭങ്ങളിൽ ഈ പാലത്തിലൂടെ യാത്ര ചെയ്യാൻ പറ്റാത്ത സ്ഥിതി ഉണ്ടാകാറുണ്ട്. |
| (സി) | റൂം ഫോർ റിവർ പദ്ധതി പ്രകാരം പുഴ ഗതിമാറി ഒഴുകുന്ന പ്രദേശം പൂർവ്വ സ്ഥിതിയിലാക്കി സംരക്ഷിക്കുന്നതിനും ആറംപുളിക്കൽ ചെക്ക് ഡാം കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് വരെയുള്ള ഭാഗം നിർമ്മിക്കുന്നതിനും ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | റൂം ഫോർ റിവർ പദ്ധതി പ്രകാരം പുഴ ഗതിമാറി ഒഴുകുന്നപ്രദേശം പൂർവ്വ സ്ഥിതിയിലാക്കി സംരക്ഷിക്കുന്നതിനും ആരംപുളിക്കൽ ചെക്ക് ഡാം കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് വരെയുള്ള ഭാഗം നിർമ്മിക്കുന്നതിനു പദ്ധതി രേഖ തയ്യാറാക്കി 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനിയറുടെ കാര്യാലയത്തിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; തുക അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിന്റെ പരിഗണനയിലാണെന്നും നിലവിലെ സ്ഥിതിയും അറിയിക്കാമോ? | (ഡി) | റൂം ഫോർ റിവർ പദ്ധതി പ്രകാരം പുഴ ഗതിമാറി ഒഴുകുന്നപ്രദേശം പൂർവ്വ സ്ഥിതിയിലാക്കി സംരക്ഷിക്കുന്നതിനും ആരംപുളിക്കൽ ചെക്ക് ഡാം കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് വരെയുള്ള ഭാഗം നിർമ്മിക്കുന്നതിനു പദ്ധതി രേഖ തയ്യാറാക്കി 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി |

| | | | |
|---|---|---|---|
| | | | ചീഫ് എഞ്ചിനിയറുടെ കാര്യാലയത്തിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ